**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഭെൽ-ഇ.എം.എൽ കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ഏക കേന്ദ്രപൊതുമേഖലാസ്ഥാപനമായ ഭെൽ-ഇ.എം.എൽ കമ്പനി സംസ്ഥാന സർക്കാറിന് കൈമാറുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരുമായി സംയുക്ത സംരംഭത്തിലുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച്,ഭെൽ തയ്യാറാക്കിയ കരട് ധാരണാ പത്രം'Agreement for Sale'07-11-2019ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി നൽകിയിരുന്നു. തുടർ നടപടികളുടെ അടിസ്ഥാനത്തിൽ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാറിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും 11-05-2021-ൽ ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ഉണ്ടെങ്കിൽ, സംസ്ഥാനസർക്കാർ എത്രനാളായി ആവശ്യപ്പെട്ടിട്ടാണ് കേന്ദ്രസർക്കാർ പ്രസ്തുത നടപടി സ്വീകരിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരുമായി സംയുക്ത സംരംഭത്തിലുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച്,ഭെൽ തയ്യാറാക്കിയ കരട് ധാരണാ പത്രം'Agreement for Sale'07-11-2019ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി നൽകിയിരുന്നു. തുടർ നടപടികളുടെ അടിസ്ഥാനത്തിൽ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാറിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽ നിന്നും 11-05-2021-ൽ ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഏറ്റെടുക്കുന്ന ഈ സ്ഥാപനം ഏത് നിലയിൽ കൊണ്ടു പോകാനാണ് സംസ്ഥാനസർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഈ സ്ഥാപനത്തെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിൻപ്രകാരം ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും, ജീവനക്കാരുടെ ഇടക്കാല ആശ്വാസം ഉൾപ്പെടെയുള്ള വിഷയങ്ങളിലും യുക്തമായ തീരുമാനം എടുക്കുന്നതാണ്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും സാമ്പത്തിക പ്രയാസം പരിഗണിച്ച് കമ്പനിയുടെ അപേക്ഷപ്രകാരം സംസ്ഥാന സർക്കാർ ഇതിനോടകം 6 കോടി 80 ലക്ഷം രൂപ ജീവനക്കാരുടെ ഇടക്കാലാശ്വാസ വിതരണത്തിനായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |
| (ഡി) | മാസങ്ങളായി ശമ്പളമില്ലാതെ കഷ്ടത അനുഭവിക്കുന്ന ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് അടിയന്തര സഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | ഈ സ്ഥാപനത്തെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിൻപ്രകാരം ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും, ജീവനക്കാരുടെ ഇടക്കാല ആശ്വാസം ഉൾപ്പെടെയുള്ള വിഷയങ്ങളിലും യുക്തമായ തീരുമാനം എടുക്കുന്നതാണ്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും സാമ്പത്തിക പ്രയാസം പരിഗണിച്ച് കമ്പനിയുടെ അപേക്ഷപ്രകാരം സംസ്ഥാന സർക്കാർ ഇതിനോടകം 6 കോടി 80 ലക്ഷം രൂപ ജീവനക്കാരുടെ ഇടക്കാലാശ്വാസ വിതരണത്തിനായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ